400 കെ.വി. മൈസൂർ-അരീക്കോട് ലൈൻ 14-10-2015-ൽ കമ്മീഷൻ ചെയ്തു. ഇതിനുപുറമേ 400 കെ.വി. മാടക്കത്തറ-അരീക്കോട്-മൈലാടി ലൈനും, പുഗല്ലൂർ (തമിഴ്നാട്)-മാടക്കത്തറ എച്ച്.വി.ഡി.സി. ലൈനും വേഗത്തിൽ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടംകുളം ആണവനിലയത്തിൽനിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായ 400 കെ.വി. ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണം Right of way യിലെ തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാരംഭിക്കുവാൻ വേണ്ടി പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ 218.9 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ഇതുകൂടാതെ അതിരപ്പിള്ളി പദ്ധതി (163MW) കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

ജലവൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി 1-6-2012-ലും 17-12-2014-ലും സർക്കാർ ഉത്തരവുകൾ ഇറക്കിയിരുന്നു. കൂടാതെ പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനായി സർക്കാർ തലത്തിൽ അവലോകനം നടത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

മറ്റ് സ്രോതസ്സുകളിൽ (സൗരോർജ്ജം, കാറ്റ് തുടങ്ങിയവ) നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

വൈദ്യുതി മോഷണം

621429) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട് ; ആയതു പ്രകാരം എത്ര തുക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി ബോർഡ് ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട് ; അവർ ആരെല്ലാമെന്നും അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ പിഴയിനത്തിൽ എത്ര തുക ഈടാക്കി ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ എത്ര വൈദ്യുതി മോഷണ കേസുകൾ പിടികൂടി; ഇതുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ റദ്ദാക്കി ; എത്ര തുക പിഴയിനത്തിൽ ഈടാക്കി ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,10,39,687 യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്. ആയതു പ്രകാരം നാളിതുവരെ 15,87,52,778 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

നമ്പർ	ജില്ല	യൂണിറ്റ്	തുക രൂപയിൽ
(1)	(2)	(3)	(4)
1	തിരുവനന്തപുരം	8,66,523	1,33,22,654
2	കൊല്ലം	8,69,073	2,12,21,349
3	ആലപ്പുഴ	38,528	1,65,31,804
4	പത്തനംതിട്ട	2,10,968	45,78,024
5	കോട്ടയം	3,50,632	97,14,068
6	എറണാകുളം	23,62,319	3,20,94,898
7	തൃശ്ശൂർ	5,35,786	99,93,658
8	ഇടുക്കി	6,19,234	88,73,088
9	മലപ്പുറം	6,09,408	99,69,067
10	വയനാട്	24,890	9,55,658

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
11	പാലക്കാട്	9,01,174	1,10,94,440
12	കോഴിക്കോട്	6,19,872	97,82,252
13	കണ്ണൂർ	16,71,176	46,45,365
14	കാസർഗോഡ്	13,60,104	59,76,453
	ആകെ	1,10,39,687	15,87,52,778

(ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് 5 ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ശ്രീ. പി. ഉദയകുമാർ, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ :

ടിയാൻ താമസിക്കുന്ന പരവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 6931-ാം നമ്പർ കൺസ്യൂമർ നമ്പരിലുള്ള വൈദ്യുതി കണക്ഷൻ എ.പി.റ്റി.എസ്. 10-10-2012-ന് പരിശോധന നടത്തുകയും വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പിഴയിനത്തിൽ 30146 രൂപ ടിയാനിൽനിന്ന് ഈടാക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി ഒരു വാർഷിക ഇൻക്രിമെന്റ് 6 മാസത്തേക്ക് സഞ്ചിതമല്ലാത്ത രീതിയിൽ ബാർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. ശ്രീ. എസ്. സലീം, ഓവർസീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ :

എ.പി.റ്റി.എസ്. 23-6-2014-ന് കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലെ 8459-ാം നമ്പർ കൺസ്യൂമറായുള്ള ടിയാന്റെ വീട്ടിൽനിന്നും വൈദ്യുതി മോഷണം പിടികൂടുകയും ടിയാനിൽനിന്ന് 36,726 രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടിയാനെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും അച്ചടക്ക നടപടിയുടെ ഭാഗമായി 21-10-2015-ന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

3. ശ്രീ. സന്തോഷ് കുമാർ എസ്., ഓവർസീയർ, 66 കെ.വി. സബ്സ്റ്റേഷൻ, കരുനാഗപ്പള്ളി :

8-6-2015-ന് എ.പി.റ്റി.എസ്. ടിയാൻ താമസിക്കുന്ന ബോർഡിന്റെ വക ക്വാർട്ടേഴ്സിൽ പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്. വൈദ്യുതി മോഷണത്തിന് ടിയാനിൽനിന്നും 47,335 രൂപ ഈടാക്കുകയും അതിനുപുറമേ 20000 രൂപ കോമ്പൗണ്ടിംഗ് ഫീസിനത്തിൽ വസൂലാക്കുകയും ചെയ്തിട്ടുണ്ട്. ടിയാനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്ത് വിശദമായ വകുപ്പുതല അന്വേഷണത്തിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. അനിൽകുമാർ കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, എടത്വ :

എ.പി.റ്റി.എസ്. 26-7-2012-ന് ടിയാൻ നിർമ്മാണ ആവശ്യത്തിനായി എടുത്തിട്ടുള്ളതും അമ്പലപ്പുഴ സെക്ഷന്റെ കീഴിൽ 23707 എന്ന കൺസ്യൂമർ നമ്പരിലുള്ളതുമായ മീറ്റർ പരിശോധിക്കുകയും വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ടിയാനെതിരെ വൈദ്യുതി മോഷണത്തിന് ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പ് 135 പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. 6-4-2015-ന് ആലപ്പുഴ അഡീഷണൽ സെക്ഷൻസ് കോടതി ടിയാനെ under Section 235(1) Cr. PC പ്രകാരം കുറ്റവിമുക്തനാക്കുകയുണ്ടായി. വൈദ്യുത മോഷണത്തിന് ടിയാനിൽ നിന്നും 6,675 രൂപ ഈടാക്കിയിട്ടുണ്ട്.

5. ശ്രീ. എ. എ. മാധവൻ, സബ് എഞ്ചിനീയർ, തോട്ടിയാർ പ്രോജക്ട്, വാഴത്തോപ്പ് :

ടിയാൻ താമസിക്കുന്ന ക്വാർട്ടേഴ്സ് നമ്പർ E-29 B-യിൽ ഇലക്ട്രിക്കൽ സെക്ഷൻ, പൈനാവിന്റെ കീഴിലുള്ള 5742-ാം നമ്പർ കൺസ്യൂമർ നമ്പരിൽ എ.പി.റ്റി.എസ്. 6-12-2014-ന് പരിശോധന നടത്തുകയും വൈദ്യുതി മോഷണം കണ്ടെത്തുകയുമുണ്ടായി. ആയതിന് ടിയാനിൽനിന്നും 25,260 രൂപ പിഴയിനത്തിലും ഈടാക്കിയിട്ടുണ്ട്. ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ 521,01,618 രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(ഡി) കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ 390 വൈദ്യുതി മോഷണ കേസുകൾ എ.പി.റ്റി.എസ്. പിടികൂടിയിട്ടുണ്ട്. എ.പി.റ്റി.എസ്. കേസുമായി ബന്ധപ്പെട്ട് കണക്ഷനുകളൊന്നും റദ്ദു ചെയ്തിട്ടില്ല. ഇവരിൽനിന്നും പിഴയിനത്തിൽ 1,50,42,323 രൂപ ഈടാക്കിയിട്ടുണ്ട്.

വൈദ്യുതി കരാർ

63 (430) ശ്രീ. എളമരം കരീം :
ശ്രീ. എസ്.ശർമ്മ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.എസ്.ഇ.എസ്. താപനിലയവുമായി സംസ്ഥാന വൈദ്യുതി ബോർഡ് ഏർപ്പെട്ടിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി കഴിഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly